# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1334

08.02.2013 ൽ – മറുപടിക്ക്

### പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പൊതു വിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന റേഷൻ അരി , ഗോതമ്പ് , മണ്ണെണ്ണ എന്നിവ വ്യാപകമായി കരിഞ്ചന്തയിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വ്യാപകമായി കരിഞ്ചന്തയിൽ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കരിഞ്ചന്തയും പൂഴ്ത്തിവെയ്പും തടയുന്നതിനായി കഴിഞ്ഞ മൂന്നു മാസം പാലക്കാട് ജില്ലയിൽ എത്ര റെയ്ഡുകൾ നടത്തി; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വ്യക്തമാക്കാമോ; | (ബി) 113 റെയ്ഡുകൾ നടത്തി, 3 കേസുകൾ രജിസ്റ്റർ ചെയ്തു. |
| (സി) | മിക്ക സ്ഥാപനങ്ങളും വില നിലവാരം കാണിക്കുന്ന ബോർഡുകൾ പ്രദർശിപ്പിക്കാറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല. വിൽപ്പന കേന്ദ്രങ്ങളിൽ വിലയും സ്റ്റോക്കും പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) പൊതുവിതരണ രംഗം ശക്തിപ്പെടുത്താൻ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി.ഗ്രാം, 35 കി.ഗ്രാം എന്ന കണക്കിൽ അരി ഒരു രൂപ നിരക്കിലും, എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം പേർക്ക് രണ്ട് രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്തുവരുന്നു. കൂടാതെ, 8.90/- രൂപ നിരക്കിൽ അരിയും 6.70/- രൂപ നിരക്കിൽ ഗോതമ്പും വിതരണം ചെയ്തുവരുന്നു. ഒ.എം.എസ്.എസ്. നിരക്കിൽ ഉയർന്ന ഗുണ നിലവാരമുള്ള അരിയും ഗോതമ്പും റേഷൻകടകൾ വഴി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, പ്രത്യേക വിഹിതമായി ബി.പി.ൽ. വിഭാഗത്തിന് വിതരണത്തിനായി 1,32,725 മെ.ടൺ അരിയും 54,211 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ. കാർഡുകാർക്ക് 25 കി.ഗ്രാം അരി 1/- രൂപ നിരക്കിലും 10 കി.ഗ്രാം ഗോതമ്പ് 2/- രൂപ നിരക്കിലും വിതരണം ചെയ്യുന്നതിന് പുറമെ 5 കി.ഗ്രാം അരി 6.20 രൂപ നിരക്കിലും, 2 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും വിതരണം ചെയ്യുകയും ചെയ്യുന്നു. |

2009 ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ. കാർഡ് ലഭിക്കാത്തതുമായ 11.80 ലക്ഷം കുടുംബങ്ങൾക്ക് നിലവിൽ ലഭിക്കുന്ന വിഹിതത്തിന് പുറമെ 19.കി.ഗ്രാം അരി 6.20 രൂപ നിരക്കിൽ 6 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും അടുത്ത നാലു മാസങ്ങളിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയെല്ലാം വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സഹായകമായിട്ടുണ്ട്.

കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അവശ്യ സാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു.

Beena

സെക്ഷൻ ഓഫീസർ